## 137

1 മഹത്ത്വത്തിൽ വസിക്കും ദേവാ-മഹത്ത്വം നിനക്കു-പരനേ
സ്തുതി നിനക്കുചിതം തന്നെ-സ്തുതി ഞങ്ങൾ കരേറ്റിടുന്നേ

2 ലോകങ്ങളെ സൃഷ്ടിച്ചവനെ-
ലോകത്തെ നീ സ്നേഹിച്ചതിനാൽ
പുത്രനെയയച്ച നിൻസ്നേഹം എത്രയോ അത്ഭുതം താതനേ

3 മർത്ത്യരെ രക്ഷിപ്പാൻ വന്നോനാം നിത്യവചനമാം-കർത്താവേ
സ്തുതിസ്തോത്രം നിനക്കു ഞങ്ങൾ അതിമോദാലർപ്പിക്കുന്നേ

4 പുതുജീവൻ നൽകി ഞങ്ങളെ പുതുസൃഷ്ടിയാക്കും-ആത്മാവേ
വന്ദിച്ചിടുന്നു ഞങ്ങൾ നിന്നെ
നന്ദിയാൽ നന്നായ് വാഴ്ത്തിടുന്നേ

5 വന്ദിതനേ, ത്രീയേകദേവാ! ഉന്നതനാം സ്വർഗ്ഗതാതനേ!
എന്നും ഞങ്ങൾ നിന്നെ വന്ദിക്കും
നന്ദിയോടെ ആരാധിച്ചിടും T.T.M.